**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **22-07-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രത്തിന്റെ കരട് വൈദ്യുതി ഭേദഗതി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വിജിൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ കരട്ട വൈദ്യുതി ഭേദഗതി ബിൽ പരിശോധനാ വിധേയമാക്കിയിരുന്നോ; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടിയെടുക്കുമോ; വിശദാംശം അറിയിക്കാമോ; | (എ) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇത് കൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് കാണാം. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്ന് കെ.എസ്.ഇ.ബിയും, D.O. No. A1/131/2020/PD dated 15.03.2021 ലെ കത്ത് മുഖേന സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ കമ്പനികൾക്ക് രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്ന വ്യവസ്ഥ വൈദ്യുതി മേഖലയെ |

| | | | |
|---|---|---|---|
| | | | പ്രതികൂലമായി ബാധിക്കുമെന്നും സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന സബ്സിഡി ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിഷേധിക്കുന്ന സ്ഥിതിയിൽ എത്താൻ ഇടയാവുകയും ചെയ്യും എന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ കമ്പനികൾക്ക് തങ്ങളുടെ ഇഷ്ട പ്രകാരം രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്നും വേണമെങ്കിൽ ഇതിനായി ഉപകരാറുകാരെ ഫ്രാഞ്ചൈസി എന്ന നിലയിൽ ഏർപ്പെടുത്താമെന്നുമുള്ള വ്യവസ്ഥ അവശ്യ സർവ്വീസിന്റെ കോർപ്പറേറ്റുവൽക്കരണത്തിന് ഇടയാക്കുമെന്നും സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നും കരുതുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇത് കൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് കാണാം. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്ന് കെ.എസ്.ഇ.ബിയും, D.O. No. A1/131/2020/PD dated 15.03.2021 ലെ കത്ത് മുഖേന സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ കമ്പനികൾക്ക് രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്ന വ്യവസ്ഥ വൈദ്യുതി മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നും സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന സബ്സിഡി ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിഷേധിക്കുന്ന സ്ഥിതിയിൽ എത്താൻ ഇടയാവുകയും ചെയ്യും എന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന ദരിദ്രർക്ക് വൈദ്യുതി നിഷേധത്തിന് ഇടയാക്കുമെന്നതിനാൽ | (സി) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി |

| | | | |
|---|---|---|---|
| | കേന്ദ്ര നിർദ്ദേശം പിൻവലിക്കാൻ ആവശ്യപ്പെട്ടുമോയെന്ന് വ്യക്തമാക്കാമോ? | | അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇത് കൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്ന് കാണാം. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്ന് കെ.എസ്.ഇ.ബിയും, D.O. No. A1/131/2020/PD dated 15.03.2021 ലെ കത്ത് മുഖേന സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ കമ്പനികൾക്ക് രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്ന വ്യവസ്ഥ വൈദ്യുതി മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നും സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന സബ്സിഡി ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിഷേധിക്കുന്ന സ്ഥിതിയിൽ എത്താൻ ഇടയാവുകയും ചെയ്യും എന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ